കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - തൃപ്പൂണിത്തുറ നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- സീനിയർ ക്ളാർക്ക് ശ്രീ.എസ്.വി.രാജേഷ്, ശ്രീ.ഒ.യു സിനീഷ്, ശ്രീമതി.ജൂലി മാർക്കോസ്,ശ്രീമതി. എസ്.എൻ.ഫാസിലാബീഗം എന്നിവർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 3206/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 20.12.2018

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.06.2014 തീയതിയിലെ ഇ 7(എസ്.സി 40/13/സിആർഇ)30342/2013 നം. കത്ത്

2.സർക്കാരിന്റെ 04.12.2014 തീയതിയിലെ 58552/ഇയു2/14/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 23.10.2018 തീയതിയിലെ വി3-22871/14 നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാർ സ്ഥാപനങ്ങളിൽ നടത്തുന്ന സംസ്ഥാനതല മിന്നൽ പരിശോധനയുടെ ഭാഗമായി 09/09/2013 ന് തൃപ്പൂണിത്തുറ നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ സീനിയർ ക്ളാർക്കുമാരായ ശ്രീ.എസ്.വി.രാജേഷ്, ശ്രീ.ഒ.യു സിനീഷ്, ശ്രീമതി.ജൂലി മാർക്കോസ്,ശ്രീമതി. എസ്.എൻ.ഫാസിലാബീഗം എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. ആയതിന് ടിയാളുകൾ സമർപ്പിച്ച മറുപടിയിന്മേലുള്ള കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം നഗരകാര്യഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

2. വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധനയിൽ റവന്യൂ വിഭാഗത്തിലെ R1, R2 എന്നീ സെക്ഷനുകളിൽ ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് എന്നിവ അനുവദിക്കുന്ന രജിസ്റ്ററുകൾ ശരിയാംവിധം പരിപാലിക്കുന്നില്ല

എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് R1 സെക്ഷൻ ക്ളാർക്കായ ശ്രീ.ഒ.യു സിനീഷിനും, R2 സെക്ഷൻ ക്ളാർക്കായ ശ്രീമതി ജൂലി മാർക്കോസിനും കുറ്റാരോപണ മെമ്മോ / പത്രിക നൽകിയിരുന്നത്.

3. ശ്രീ.ഒ.യു.സിനീഷിന്റെ മറുപടി പ്രകാരം, തൃപ്പൂണിത്തുറ നഗരസഭയിൽ റവന്യൂ വിഭാഗത്തിൽ R1 സെക്ഷൻ കൈകാര്യം ചെയ്തിരുന്ന കാലയളവിൽ 1 മുതൽ 17 വരെയുള്ള വാർഡുകളിലെ വസ്തു നികുതി സംബന്ധമായ ജോലികളും 1 മുതൽ 49 വരെയുള്ള വാർഡുകളിൽ ഇലക്ഷനുമായി ബന്ധപ്പെട്ട് സമയബന്ധിതമായി പൂർത്തീകരിക്കേണ്ട ജോലികളും ടിയാന്റെ ചുമതലയിലായിരുന്നുവെന്നും, പ്രതിമാസം R1 സെക്ഷനിൽ 175 മുതൽ 250 വരെ അപേക്ഷകൾ ലഭിക്കാറുണ്ടെന്നും എന്നാൽ ടി അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് തൻപതിവേടിൽ രേഖപ്പെടുത്തുന്നതിന് സമയക്കുറവുമൂലം സാധിച്ചിരുന്നില്ല എങ്കിലും അപേക്ഷകൾ തുടർനടപടികൾക്കായോ അന്വേഷണ റിപ്പോർട്ടിനായോ നൽകുന്നത് ട്രാൻസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനു ശേഷമാണെന്നും ശ്രീ.ഒ.യു. സിനീഷ് മറുപടി സമർപ്പിച്ചിരിക്കുന്നു .

4. R2 സെക്ഷൻ കൈകാര്യം ചെയ്തിരുന്ന സീനിയർ ക്ളാർക്ക് ശ്രീമതി. ജൂലി മാർക്കോസിന് തൃപ്പൂണിത്തുറ നഗരസഭയിലെ 18 മുതൽ 32 വരെയുള്ള വാർഡുകളിലെ വസ്തു നികുതി സംബന്ധമായ ജോലികൾ കൂടാതെ 1 മുതൽ 32 വരെയുള്ള റവന്യൂ വാർഡിലെ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട ഫയലുകളും കൈകാര്യം ചെയ്യേണ്ടതുണ്ടായിരുന്നു. എന്നാൽ പ്രതിമാസം 150 നും 225 നും ഇടയിൽ അപേക്ഷകൾ ലഭിക്കുകയും, എന്നാൽ പലപ്പോഴും അനുഭവപ്പെടുന്ന ജോലിത്തിരക്കുമൂലം ലഭിക്കുന്ന അപേക്ഷകൾ തൻപതിവേടിൽ രേഖപ്പെടുത്തുന്നതിന് സമയക്കുറവുമൂലം സാധിക്കാറില്ലെന്നും ലഭിക്കുന്ന അപേക്ഷകൾ ട്രാൻസിറ്റ് രജിസ്റ്ററിൽ എഴുതി കൃത്യത ഉറപ്പ വരുത്തിയ ശേഷമാണ് നടപടികൾക്കായി അയക്കാറുള്ളതെന്നും ആയതിനാൽ മനപൂർവ്വമല്ലാതെ ചെയ്തുപോയ പ്രവൃത്തി എന്ന നിലയിൽ തുടർനടപടിയിൽ നിന്നും ഒഴിവാക്കണമെന്ന് ശ്രീമതി ജൂലി മാർക്കോസ് സമർപ്പിച്ച മറുപടിയിൽ അപേക്ഷിക്കുന്നു .

5. വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധനയിൽ PW II, PW IV എന്നീ രണ്ട് സെക്ഷനുകളിൽ 570 ബിൽഡിംഗ് പെർമിറ്റ് അപേക്ഷയിൽ 97 എണ്ണം തീർപ്പാക്കാതിരുന്നതായും കണ്ടെത്തുകയുണ്ടായതിനാലാണ് പ്രസ്തുത സെക്ഷനുകൾ കൈകാര്യം ചെയ്തിരുന്ന സീനിയർ ക്ളാർക്കുമാരായ ശ്രീ.എസ്.വി.രാജേഷ്, ശ്രീമതി.എസ്.എൻ.ഫസീലാബീഗം എന്നിവർക്ക് കുറ്റാരോപണ മെമ്മോ / പത്രിക നൽകിയിരുന്നത്.

6. PW2-സെക്ഷൻ കൈകാര്യം ചെയ്തിരുന്ന സീനിയർ ക്ളാർക്ക് ശ്രീമതി ഫാസീല ബീഗത്തിന് ലഭിച്ച വിവിധ കെട്ടിട നിർമ്മാണ അപേക്ഷകളിൽ പെർമിറ്റ് നൽകുന്നതിന് വേണ്ടി വിവിധ അപാകതകൾ പരിഹരിക്കുന്നതിന് കക്ഷികൾക്ക് നോട്ടീസ് നൽകിയത് സംബന്ധിച്ചും മറ്റ് അധികാര സ്ഥാപനങ്ങളിൽ നിന്നും No Objection Certificate (NOC) ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചതു സംബന്ധിച്ചും ഫയൽ നടപടിക്രമങ്ങൾ പാലിച്ചുവെങ്കിലും ആയത് സംബന്ധിച്ച് ബിൽഡിംഗ് ആപ്ളിക്കേഷൻ രജിസ്റ്ററിൽ

രേഖപ്പെടുത്താതിരുന്നതു മൂലം ഇത്തരത്തിലുള്ള മുഖ്യ തെറ്റ് സംഭവിച്ചതായിട്ടുണ്ടെന്ന് ശ്രീമതി ഫാസിലാ ബീഗം മറുപടി സമർപ്പിച്ചിരുന്നു .

7. PW4 സെക്ഷൻ കൈകാര്യം ചെയ്തിരുന്ന സീനിയർ ക്ളാർക്ക് ശ്രീ.എസ്.വി രാജേഷ് ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷകളിൽ തീരുമാനം എടുക്കാൻ താമസം വരുത്തിയതായി ആരോപിച്ചതിന് കാരണം ആപ്ളിക്കേഷൻ രജിസ്റ്ററിലെ പെർമിറ്റ്, ഒക്യുപൻസി സർട്ടിഫിക്കറ്റ് എന്നിവ നൽകിയിട്ടുള്ളതല്ലാത്തതും മറ്റു രേഖപ്പെടുത്തലുകൾ ഇല്ലാത്തതുമായ ബിൽഡിംഗ് ആപ്ളിക്കേഷൻ നമ്പറുകളുടെ നേർക്കുള്ള ഒഴിഞ്ഞ കോളങ്ങൾ പരിശോധിച്ചതിൽ നിന്നുമാണ്. ന്യൂനതകൾ ഉള്ളതും നിയമാനുസൃതമല്ലാത്തതും, കൂടുതൽ രേഖകൾ ആവശ്യമുള്ളതും മറ്റ് വിവിധ വകുപ്പുകളുടെ അനുവാദം ലഭ്യമാക്കേണ്ടതും നിരസിച്ചിട്ടുള്ളതുമായ അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററുകളിലെ കോളങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതും വർദ്ധിച്ച ജോലിഭാരം മൂലമാണ് അപ്രകാരം ടിയാന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചതെന്നും ടിയാൻ മറുപടി സമർപ്പിച്ചിരുന്നു. മേൽ വിവരിച്ച കാര്യങ്ങൾ പരിശോധനാ വേളയിൽ വിജിലൻസ് ഉദ്യോഗസ്ഥർ ആരാഞ്ഞപ്പോൾ ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണെന്നും ടിയാൻ മറുപടി നൽകിയിട്ടുണ്ട്.

8. കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം, തൃപ്പൂണിത്തുറ നഗരസഭാ സെക്രട്ടറിയുടെ കത്തിന്റെയടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നഗരസഭയിലെ ജീവനക്കാർ കൃത്യനിർവ്വഹണത്തിൽ ബോധപൂർവ്വമായ അലംഭാവമോ കാലതാമസമോ വരുത്തിയിട്ടുള്ളതായി തോന്നുന്നില്ലായെന്നും സർക്കാരിൽ നിന്നും നൽകിയ കുറ്റാരോപണ മെമ്മോയിൽ പരാമർശിച്ചിട്ടുള്ള വിവരങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ തന്നെ പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നഗരസഭയിൽ നിന്നും സ്വീകരിച്ചിട്ടുള്ളതായും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ R1, R2, PWI, PWV എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാർ കൃത്യനിർവ്വഹണത്തിൽ ബോധപൂർവ്വമായ അലംഭാവം നടത്തിയിട്ടില്ലെന്ന് വിലയിരുത്തി ശിക്ഷാനടപടിയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും അറിയിച്ചിരുന്നു.

9. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, നഗരസഭയിൽ ലഭ്യമാക്കുന്ന വിവിധ തരം അപേക്ഷകളിന്മേൽ കാലതാമസമുണ്ടാകാതെ നടപടികൾ സ്വീകരിക്കാത്തതും വിവിധ തരം അപേക്ഷകൾ തൻപതിവേടിൽ രേഖപ്പെടുത്താതിരിയ്ക്കുന്നതും നടപടികൾ സ്വീകരിച്ചവ തൻപതിവേടിലെയും മറ്റു രജിസ്റ്ററുകളിലെയും ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്താതിരിക്കുന്നതും നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ക്യാഷ് ഡിക്ളറേഷൻ രജിസ്റ്റർ ഇല്ലാത്തതും രജിസ്റ്ററുകൾ ശരിയാംവിധം പരിപാലിക്കാത്തതും ന്യായീകരിക്കത്തക്കതല്ല. മേൽ കുറ്റാരോപണ വിധേയരായ ജീവനക്കാരായ ശ്രീ.എസ്.വി.രാജേഷ്, ശ്രീ.ഒ.യു.സിനീഷ്, ശ്രീമതി ജൂലി മാർക്കോസ്, ശ്രീമതി.എസ്.എൽ. ഫാസിലാ ബീഗം, എന്നിവർ സീനിയർ ക്ളാർക്ക് തസ്തികയിൽ ജോലി നോക്കിയിരുന്നതിനാൽ വിജിലൻസ് വിഭാഗം കണ്ടെത്തിയ ക്രമക്കേടുകൾ ടിയാൻമാരുടെ അറിവില്ലായ്മ മൂലം

സംഭവിച്ചതായി കാണുവാൻ കഴിയുന്നല്ലായെന്നതിനാൽ കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പൂർണ്ണമായും അംഗീകരിക്കത്തക്കതല്ലയെന്നും വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ കുറ്റാരോപണ വിധേയരായ ജീവനക്കാർക്കെതിരെ ഉചിതമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു .

10. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ടിൻേയും, ആരോപണത്തിൻമേലുള്ള ജീവനക്കാരുടെ മറുപടിയുടേയും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അതുപ്രകാരം വിജിലൻസ് കണ്ടെത്തലുകളിൽ, ജീവനക്കാരുടെ ഭാഗത്ത്നിന്നും ഔദ്യോഗികകൃത്യനിർവ്വഹണത്തിൽ വീഴ്ചയുണ്ടായതായി കാണുന്നു. മേൽ സാഹചര്യത്തിൽ തൃപ്പൂണിത്തുറ നഗരസഭയിലെ സീനിയർ ക്ളാർക്കുമാരായിരുന്ന ശ്രീ.എസ്.വി.രാജേഷ്, ശ്രീ.ഒ.യു. സിനീഷ്, ശ്രീമതി ജൂലി മാർക്കോസ്, ശ്രീമതി എസ്.എൽ ഫാസിലാ ബീഗം, എന്നിവർക്കെതിരായി വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ അരംഭിച്ച അച്ചടക്കനടപടി ടിയാളുകളുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത പ്രാബല്യമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ.എസ്.വി.രാജേഷ്, സീനിയർ ക്ളാർക്ക്, തൃപ്പൂണിത്തുറ നഗരസഭ
ശ്രീ.ഒ.യു. സിനീഷ്, സീനിയർ ക്ളാർക്ക്, തൃപ്പൂണിത്തുറ നഗരസഭ
ശ്രീമതി ജൂലി മാർക്കോസ്,സീനിയർ ക്ളാർക്ക്, തൃപ്പൂണിത്തുറ നഗരസഭ
ശ്രീമതി എസ്.എൽ ഫാസിലാ ബീഗം, സീനിയർ ക്ളാർക്ക്, തൃപ്പൂണിത്തുറ നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ